(ബി) ഇതിനായി എന്തെങ്കിലും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര ബജറ്റിൽ കേരളത്തിനർഹതപ്പെട്ട പദ്ധതി സഹായം ലഭിക്കുന്നതിന് എന്തെല്ലാം മുൻ ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി സർവ്വകക്ഷിയോഗവും സംസ്ഥാനത്തെ എം. പി.-മാരുടെ യോഗവും വിളിച്ചു ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) മുൻ കേന്ദ്ര സർക്കാരിന്റെ കാലത്ത് സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് ശ്രദ്ധയിൽപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ അവ പരിഗണിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതിനുമായി പ്രധാനമന്ത്രിക്കും, ധനം, റെയിൽവേ, കൃഷി, ഊർജ്ജം, വ്യവസായ-വാണിജ്യം ഉൾപ്പെടെയുള്ള വകുപ്പുമന്ത്രിമാർക്കും വിശദമായ നിവേദനങ്ങൾ മുഖ്യമന്ത്രി സമർപ്പിച്ചിട്ടുണ്ട്. നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്. †

(സി) കേന്ദ്ര പൊതു ബജറ്റിലും റെയിൽവേ ബജറ്റിലും കേരളത്തിനർഹമായ സഹായം ലഭിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പ്രധാനമന്ത്രിയേയും ധനകാര്യ-റെയിൽവേ മന്ത്രിമാരേയും നേരിട്ടു ധരിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്ര മന്ത്രിമാർക്ക് ഇക്കാര്യത്തിൽ വിശദമായ നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിനു മുമ്പായി, 2-7-2004-ൽ എം.പി.-മാരുടെ യോഗം വിളിക്കുന്നുണ്ട്.

(ഇ) മുൻ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നങ്ങൾ അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്. ‡

ബോണ്ടഡ് ലേബർ സമ്പ്രദായത്തിൽപ്പെട്ട് കഷ്ടപ്പെടുന്നവരെ സ്വതന്ത്രരാക്കുവാൻ പരിപാടി

*15 [15] ശ്രീ. വി. ഡി. സതീശൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോണ്ടഡ് ലേബർ സമ്പ്രദായം നിലവിലുണ്ടോ;

---

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുമൂലം കഷ്ടപ്പെടുന്നവരെ സ്വതന്ത്രരാക്കുവാനും പുനഃരധിവസിപ്പിക്കുവാനും എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്;

(സി) ബോണ്ടഡ് ലേബർ സമ്പ്രദായം കണ്ടെത്തുന്നതിനും അതിന് പരിഹാരമുണ്ടാക്കുന്നതിനും സംസ്ഥാനഗവൺമെന്റുകൾ ജില്ലാതലത്തിലും സബ്ഡിവിഷൻ തലത്തിലും വിജിലൻസ് കമ്മറ്റികൾ രൂപീകരിക്കണമെന്ന് സുപ്രീം കോടതി പബ്ലിക് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് വേഴ്സസ് സ്റ്റേറ്റ് ഓഫ് തമിഴ്നാട് ആന്റ് അദേഴ്സ് എന്ന കേസിൽ പുറപ്പെടുവിച്ച വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സംസ്ഥാനത്ത് ബോണ്ടഡ് ലേബർ സമ്പ്രദായം നിലവിലില്ല. 1976-ലെ ബോണ്ടഡ് ലേബർ സിസ്റ്റം (അബോളിഷൻ) ആക്ട് (സെൻട്രൽ ആക്ട്) പ്രകാരം ബോണ്ടഡ് ലേബർ സിസ്റ്റം നിർത്തലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ബോണ്ടഡ് ലേബർ സിസ്റ്റം നിലവിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ബോണ്ടഡ് ലേബർ സമ്പ്രദായം ഉണ്ടോ എന്ന് നിരീക്ഷിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലത്തിലും റവന്യൂ ഡിവിഷണൽ ഓഫീസർ അദ്ധ്യക്ഷനായി സബ്ഡിവിഷൻ തലത്തിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പുറത്തുനിന്ന് കൊണ്ടുവരുന്ന ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കൽ

*16 [16] ശ്രീമതി. രാധാരാഘവൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ഇ. എം. അഗസ്തി:
,, എം. മുരളി:
,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനയ്ക്ക് കൊണ്ടുവരുന്ന അരി, എണ്ണ, മുളക്പൊടി, പാൽ, ഭക്ഷ്യഎണ്ണകൾ എന്നിവയിൽ മായം ചേർക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയിൽ ചേർക്കുന്ന മായം എന്തെന്ന് വിശദീകരിക്കുമോ;

(സി) ഇത്തരം സാധനങ്ങൾ സ്റ്റോക്ക് ചെയ്തിട്ടുള്ള ഹോൾസെയിൽ കടകളിൽ നിന്നും അവ വിതരണം ചെയ്യുന്നതിനു മുമ്പായി അവയിൽ മായം ചേർത്തിട്ടില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly